# സാമൂഹിക പ്രത്യാഘാത പഠനം

## റെയിൽവേ മേൽഷാല നിർമ്മാണം
## (ഉഷള - മഞ്ചേശ്വരം റെയിൽവേ സ്റ്റേഷനുകൾക്കിടയിലെ
## ലെവൽ ക്രോസ് നം. 288)
## ഉഷള വില്ലേജ്, മഞ്ചേശ്വരം താലൂക്ക്, കാസറഗോഡ്
## 47.17 ആർ

കരട് റിഷോർട്ട്

തീയതി : 28/11/2021

റിക്വസിഷൻ അധികാരി

കേരളാ റെയിൽ ഡെവലപ്മെന്റ് കോർഷറേഷൻ ലിമിറ്റഡ്

(കെ.ആർ.ഡി.സി.എൽ)

കേരളാ വോളന്ററി ഹെൽത്ത് സർവ്വീസസ്
കളക്ട്രേറ്റ് പി.ഒ, മുള്ളൻകുഴി, കോട്ടയം : 686002
ഫോൺ : 0481 2572781, 2573875
E-mail :keralavhs@yahoo.co.in
Web :www.keralavhs.org

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

<u>ഉള്ളടക്കം</u>

പഠന റിപ്പോർട്ട് - രത്ന ചുരുക്കം

1.1 ആമുഖം- പദ്ധതിയും പൊതു ആവശ്യവും

1.2 പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

(എ). ഭൂമി ഏറ്റെടുക്കൽ അധികാരി

(ബി). നടപ്പാക്കൽ ഏജൻസി

കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

(സി).പദ്ധതി ബാധിതരുടെ വിവരങ്ങൾ

(ഡി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം

1.4. പദ്ധതി സംബന്ധമായ ഇതരമാർഗ്ഗ നിർദ്ദേശങ്ങൾ

1.5. സാമൂഹിക പ്രത്യാഘാതം

1.6. പ്രത്യാഘാത ലഘൂകരണ നടപടികൾ

1.7. പ്രത്യാഘാത ലഘൂകരണ മാർഗ്ഗം - നിർദ്ദേശങ്ങൾ

1.8. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

അനുബന്ധരേഖകൾ

1. പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ
2. ഫോട്ടോഗ്രാഫ്
3. ഗസറ്റ് നോട്ടിഫിക്കേഷൻ

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

സാമൂഹിക പ്രത്യാഘാത പഠനം

**റെയിൽവേ മേൽപ്പാല നിർമ്മാണം**
**(ഉപ്പള - മഞ്ചേശ്വരം റെയിൽവേ സ്റ്റേഷനുകൾക്കിടയിലെ**
**ലെവൽ ക്രോസ് നം. 288)**
**ഉപ്പള വില്ലേജ്, മഞ്ചേശ്വരം താലൂക്ക്, കാസറഗോഡ്**
**47.17 ആർ**

## പഠന റിപ്പോർട്ട്- രത്ന ചുരുക്കം

### 1.1. ആമുഖം - പദ്ധതിയും പൊതു ആവശ്യവും

ഗതാഗത രംഗത്തെ അടിസ്ഥാന വികസനത്തിന് വലിയ പ്രാധാന്യമാണ് ഗവൺമെന്റുകൾ നൽകുന്നത്, സുഗമമായ ഗതാഗതം , വ്യാപാര - വാണിജ്യ മേഖലകളിലും, പ്രാദേശിക വികസനത്തിലും ഉണ്ടാക്കുന്ന പുരോഗതി വലുതാണ്. അടിസ്ഥാന വികസനത്തിന്റെ അഭാവം, വലിയ തോതിലുള്ള ട്രാഫിക് ബ്ളോക്കുകൾക്കും, ഇന്ധന നഷ്ടം, സമയ നഷ്ടം എന്നിവയ്ക്കും കാരണമാകുന്നു. കൂടാതെ അടിയന്തിര ആശുപത്രി സേവനം, ദുരന്ത നിവാരണം, എന്നിവയ്ക്കും ഗതാഗതരംഗത്തെ അടിസ്ഥാന വികസനത്തിനും അത്യാവശ്യമാണ്. സുഗമമായ ഗതാഗതം വികസനത്തിന്റെ അളവുകോലും, സാമൂഹിക - സാമ്പത്തിക വികസനത്തിന്റെ മുഖമുദ്രയുമാണ്.

യെിൽവേ ലൈനുകളും, മറ്റൊരു പ്രധാന ഉപരിതല ഗതാഗത മാർഗ്ഗമായ റോഡുകളും പരസ്പരം ഖണ്ഡിക്കുന്ന സ്ഥലങ്ങളെ ലെവൽ ക്രോസ്സുകൾ എന്ന് പറയപ്പെടുന്നു. ഈ ലെവൽ ക്രോസിങ്ങുകളിലെ ഗതാഗത കുരുക്ക് പലപ്പോഴും വലിയ അളവിലുള്ള ഇന്ധന നഷ്ടത്തിനും, സമയ നഷ്ടത്തിനും, ജീവൻ നഷ്ടത്തിനുപോലും കാരണമാവാറുണ്ട്. അതുകൊണ്ട് തന്നെ സംസ്ഥാനത്തെ എല്ലാ ലെവൽ ക്രോസിങ്ങുകളിലും മേൽപ്പാലങ്ങൾ നിർമ്മിച്ച്, മേൽപ്പറഞ്ഞ പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാകുന്നതിന് ഗവൺമെന്റ് മുൻഗണന നൽകിയിരിക്കുകയാണ്.

കാസർഗോഡ് ജില്ലയിലെ ഉപ്പള റെയിൽവ്വേ മേൽപ്പാലം (നമ്പർ 288) വർഷങ്ങളായുള്ള ജനങ്ങളുടെ ആവശ്യമാണ്. മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തേക്കും അവിടെനിന്ന് മംഗലാപുരത്തേക്കും എത്തിപ്പെടാൻ കഴിയുന്ന പൊതുമരാമത്ത് വകുപ്പിന്റെ ജില്ലാ പ്രധാന റോഡ്, ഉപ്പള ജംഗ്ഷനിൽ നിന്നും ഉദ്ദേശം അറുനൂറ് മീറ്റർ മാറി കോഴിക്കോട് - മംഗലാപുരം റെയിൽവ്വേ ലൈനിൽ ഖണ്ഡിക്കുന്ന സ്ഥലത്തെ ലെവൽ ക്രോസിംഗ് വലിയതോതിൽ ഗതാഗത കുരുക്ക് ഉണ്ടാക്കുന്ന സ്ഥലമാണ്. മഞ്ചേശ്വരം ഹാർബറിൽ നിന്നും കാസർഗോട്ടേക്കും, തിരിച്ചും ഉള്ള പ്രധാന ഗതാഗത മാർഗ്ഗമായ ദേശീയ പാതയിൽ നിന്നും ആരംഭിക്കുന്ന ഉപ്പള - മഞ്ചേശ്വരം ഹാർബർ റോഡിന്റെ ഇരുവശങ്ങളും, ജനസാന്ദ്രത കൂടിയ പ്രദേശങ്ങളാണ്. അതുകൊണ്ട് തന്നെ പല സമയങ്ങളിലും റെയിൽവ്വേ ഗെയിറ്റ് അടയ്ക്കുന്ന സമയത്ത് വലിയ ഗതാഗത കുരുക്ക് ഗെയിറ്റിന്റെ രണ്ട്

KERALA V H S E MULLANKUZHY KOTTAYAM-2 COLLECTORATE P.O.

സ്ഥലങ്ങളിലും രൂപപ്പെടാറുണ്ട്. ദേശീയ പാതയിലും ഗതാഗത പ്രശ്നങ്ങൾക്ക് ഉള്ള പരിഹാരം എന്ന നിലയിലാണ് **ഉപ്പള റെയിൽവ്വേ മേൽപ്പാലം പദ്ധതി നിർദ്ദേശിക്കപ്പെടുന്നത്.** **ഇപ്പോഴത്തെ** റെയിൽവ്വേ ഗെയിറ്റ് സ്ഥിതിചെയ്യുന്ന പാതയിൽ മേൽപ്പാലം നിർമ്മിക്കാൻ സാങ്കേതിക ബുദ്ധിമുട്ടുണ്ട് എന്ന് ഇന്ത്യൻ റെയിൽവ്വേ സാങ്കേതിക വിഭാഗം 2016 - ൽ തന്നെ ഗവൺമെന്റിനെ അറിയിച്ചിരുന്നു. അതുകൊണ്ട് അടിപ്പാത ഉണ്ടാക്കാൻ ആവശ്യമായ പഠനം നടത്തിയിരുന്നു എങ്കിലും, കൂടുതൽ ഭൂമി ഏറ്റെടുക്കേണ്ടതും, വെള്ളക്കെട്ടിനെ പ്രതിരോധിക്കുന്നതിൽ ഉണ്ടാകാവുന്ന സാങ്കേതിക പ്രശ്നങ്ങളും, നിർദ്ദിഷ്ട സ്ഥലത്ത് മേൽപ്പാലം നിർമ്മിക്കാം എന്ന തിരുമാനത്തിലേക്ക് സാങ്കേതിക വിദഗ്ദരെ എത്തിക്കുകയായിരുന്നു. കൂടാതെ **ഉപ്പള** - മഞ്ചേശ്വരം തീരദേശ ഹൈവേ വീതികൂട്ടി വികസിപ്പിക്കുന്ന പദ്ധതി സംസ്ഥാന സർക്കാർ തീരുമാനിച്ചപ്പോൾ, നിർദ്ദിഷ്ട **ഉപ്പള** റെയിൽവ്വേ മേൽപ്പാലം പ്രസ്തുത തീരദേശ പാതയിലേക്ക് എത്തിച്ചാൽ ഉണ്ടാവുന്ന നേട്ടങ്ങളും പദ്ധതി തയ്യാറാക്കുന്നതിൽ ഗവൺമെന്റിനെ സ്വാധീനിച്ചു. അങ്ങനെയാണ് നിർദ്ധിഷ്ട **ഉപ്പള** റെയിൽവ്വേ മേൽപ്പാലം, ഇപ്പോൾ അതിർത്തിക്കല്ല് സ്ഥാപിച്ചിരിക്കുന്ന വിധത്തിൽ നടപ്പാക്കാൻ ഗവൺമെന്റ് തിരുമാനിച്ചത്.

അതുകൊണ്ടുതന്നെ പൊതു താത്പര്യ പദ്ധതിയായി കണക്കാക്കി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും, പുനസ്ഥാനത്തിനുമുള്ള നിയമം 2013 ന്റെ ഭാഗമായ സാമൂഹ്യ പ്രത്യാഘാത പഠനത്തിന് പദ്ധതി വിധേയമാക്കി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചത്. പ്രസ്തുത പഠനത്തിന്റെ ഭാഗമായി തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടാണ് ഇത്.

### 1.2. പദ്ധതി പ്രദേശം

ദേശീയ പാത 66-ൽ ഉള്ള ജംഗ്ഷനിൽനിന്നും ഉദ്ദേശം ഇരുനൂറ് മീറ്റർ വടക്കു മാറി ആരംഭിച്ച് പടിഞ്ഞാറ് ദിശയിൽ മുന്നോട്ട് പോയി തുടർന്ന് കാസർഗോഡ് - മംഗലാപുരം റെയിൽവേ ലൈനിനു സമാന്തരമായി പുരോഗമിച്ച് വീണ്ടും പടിഞ്ഞാറ് ദിശയിൽ ഉപ്പള-മഞ്ചേശ്വരം തീരദേശ ഹൈവേയിൽ അവസാനിക്കുന്ന നിർദ്ദിഷ്ട ഉപ്പള റെയിൽവേ ഓവർ ബ്രിഡ്ജിനുവേണ്ടി ഏറ്റെടുക്കുന്ന ഭൂമിയാണ് പദ്ധതി പ്രദേശം. ദേശീയ പാതയോരത്ത് ഉള്ള വളരെയധികം വാണിജ്യ പ്രാധാന്യമുള്ള സ്ഥലം, വർഷങ്ങളായി കരം അടയ്ക്കാത്ത അവകാശികളെ കണ്ടെത്താൻ കഴിയാത്ത സ്ഥലം, റെയിൽവേ ഭൂമി , വഴി സൗകര്യം ഉള്ളതും എന്നാൽ പ്രധാന റോഡിൽ നിന്നും നേരിട്ട് ഉള്ള പ്രവേശന മാർഗ്ഗം ഇല്ലാത്ത സ്വകാര്യ ഭൂമികൾ, സർക്കാർ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്ന ഉപ്പള - മഞ്ചേശ്വരം തീരദേശ ഹൈവേ മുൻഭാഗമായ സ്വകാര്യ ഭൂമി എന്നിവ ചേരുന്നതാണ് പദ്ധതി പ്രദേശം. കാര്യമായ കാർഷിക പ്രവർത്തനങ്ങൾ ഒരു ഭൂമിയിലും ഇല്ല. മാഞ്ചിയം കൃഷി ചില ഭാഗങ്ങളിൽ ഉണ്ട്. പദ്ധതി പ്രദേശത്ത് കെട്ടിടത്തിന് വേണ്ടി തറകെട്ടി ഇട്ടിരിക്കുന്നതായ ഒരു ചമയവും ഒരു വീടിന്റെ മുൻഭാഗവും, ഒരു അതിർത്തി ഭിത്തിയും, ഒരു വീടിനോട് ചേർന്ന ഷെഡും നഷ്ടപ്പെടുന്ന ചമയങ്ങളായി കണക്കാക്കാം. ഒരു കുടിവെള്ള കിണറും ഭാഗികമായി ബാധിക്കപ്പെടുന്നു. അതായത് ദേശീയ പാതയുടെയും ഉപ്പള - മഞ്ചേശ്വരം തീരദേശപാതയുടെയും മധ്യേയുള്ള പ്രദേശമാണ് പദ്ധതി പ്രദേശം. കാസർഗോഡ് ജില്ലാ ആസ്ഥാനത്ത് നിന്നും മംഗ

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

ലാപുരത്ത് നിന്നും 25 കിലോമീറ്റർ അകലെയായി സ്ഥിതി ചെയ്യുന്ന പദ്ധതി പ്രദേശത്തിന് ഏറ്റവും അടുത്ത വിമാനത്താവളം മംഗലാപുരം ആണ്.

### 1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

#### (എ). ഭൂമി ഏറ്റെടുക്കൽ അധികാരി

സ്പെഷ്യൽ തഹസിൽദാർ (എൽ.എ) കാസറഗോഡ് ഓഫീസാണ് ഭൂമി ഏറ്റെടുക്കൽ സംബന്ധമായ നടപടികൾ നടത്തുന്നത്. ഏറ്റെടുക്കുന്ന ഭൂമിയുടെ പ്രാഥമിക സ്കെച്ചുകൾ രൂപപ്പെടുത്തുകയും, അതിർത്തി കല്ലുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഡെപ്യൂട്ടി കളക്ടർ (ഭൂമി ഏറ്റെടുക്കൽ) ആണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിപ്പിക്കുന്നത്.

#### (ബി). നടപ്പാക്കൽ ഏജൻസി

**കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്**

കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ സംസ്ഥാന - കേന്ദ്ര സർക്കാരുകളുടെ ഒരു സംയുക്ത സംരംഭം ആണ്. സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിന് ആവശ്യമായ സാങ്കേതിക സഹായം നൽകുകയും, പദ്ധതികളുടെ നിർവഹണം ഏറ്റെടുക്കുകയുമാണ് കെ.ആർ.ഡി.സി.എൽ ന്റെ മുഖ്യ ലക്ഷ്യം. കൂടാതെ പൊതു - സ്വകാര്യ മേഖലയിലുള്ള റെയിൽ വികസന പദ്ധതികളിലെ പങ്കാളിത്തത്തിലൂടെ സമയ ബന്ധിതമായ പദ്ധതി നിർവഹണം, സാങ്കേതിക മികവ് എന്നിവയും കെ.ആർ.ഡി.സി.എൽ ന്റെ ഉദ്ദേശത്തിൽപ്പെടുന്നു. തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന കേന്ദ്ര ഓഫീസിന് കീഴിൽ എറണാകുളത്ത് റീജിയണൽ ഓഫീസും പ്രവർത്തിക്കുന്നു.

#### (സി).പദ്ധതി ബാധിതരുടെ വിവരങ്ങൾ

പദ്ധതിക്ക് വേണ്ടി ഭൂമി നഷ്ടപ്പെടുന്ന ആറ് ഭൂഉടമസ്ഥരാണ് പദ്ധതി ബാധിതർ. ഇതിൽ പദ്ധതിയുടെ ദേശീയ പാതയോരത്തെ തുടക്കത്തിൽ സ്വന്തം ഭൂമി പൂർണ്ണമായും നഷ്ടപ്പെടുന്ന ഭൂഉടമസ്ഥനാണ് പദ്ധതി മൂലം പദ്ധതിപ്രദേശത്ത് നിന്നും പൂർണ്ണമായും ഒഴിവാക്കപ്പെടുന്നത്. പദ്ധതി ബാധിതരിൽ രണ്ടുപേർ മാത്രമാണ് പദ്ധതി പ്രദേശത്ത് താമസിക്കുന്നത്. പുതുതായി പണിയുകയും എന്നാൽ പണി പൂർത്തിയാവാതെ ശേഷിക്കുകയും പദ്ധതിക്ക് വേണ്ടി ഭാഗികമായി ഏറ്റെടുക്കുകയും ചെയ്യുന്ന താമസഭവനത്തിന്റെ ഭൂഉടമസ്ഥൻ മാത്രമാണ് സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ ഉള്ളത്. മറ്റ് എല്ലാ പദ്ധതി ബാധിതരും മധ്യ വർഗ്ഗ സാമ്പത്തിക സ്ഥിതി ഉള്ളവരും പത്താംതരത്തിന് മുകളിൽ വിദ്യാഭ്യാസം ഉള്ളവരുമാണ്. ഒരാൾ ഒഴിച്ച് എല്ലാവരുടേയും ഉപജീവനമാർഗ്ഗം വ്യാപാരമാണ്. എല്ലാവരും മുസ്ലീം മതവിശ്വാസികളും തദ്ദേശവാസികളുമാണ്. പദ്ധതി ബാധിതരുടെ ശരാശരി പ്രായം 43 വയസ്സാണ്.

KERALA V H S ★ MULLANKUZHY ★ KOTTAYAM-2 COLLECTORATE P.O.

(ഡി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

പദ്ധതിക്കുവേണ്ടി 47.17 ആർ ഭൂമിയാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. ആറ് ഭൂഉടമസ്ഥരുടെ ഭൂമിയാണ് പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്നത്.

## 1.4. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ

നിലവിലുള്ള റെയിൽവേ ലെവൽ ക്രോസിനു മുകളിൽ കൂടി മേൽപ്പാലം നിർമ്മിക്കുക എന്ന ബദൽ നിർദ്ദേശം ഉന്നയിക്കുകയുണ്ടായി. അത് കൂടുതൽ താമസഭവനങ്ങളും, വ്യാപാര സ്ഥാപനങ്ങളും ഒഴിപ്പിക്കേണ്ടി വരും.

## 1.5. സാമൂഹിക പ്രത്യാഘാതം

ആറ് ഭൂഉടമസ്ഥർക്ക് ഭൂമി നഷ്ടപ്പെടുന്നു എന്നുള്ളതും, നിർദ്ദിഷ്ട പദ്ധതി പൂർത്തിയാകുമ്പോൾ ഇപ്പോഴുള്ള റെയിൽവേ ഗെയിറ്റ് സ്ഥിതിചെയ്യുന്ന റോഡിലൂടെയുള്ള ഗതാഗതം ഇല്ലാതാക്കുകയും പ്രസ്തുത റോഡിന്റെ സമീപസ്ഥ താമസക്കാർക്കും റോഡ് ഉപഭോക്താക്കൾക്കും ഉണ്ടാകാവുന്ന ഗതാഗത പ്രശ്നങ്ങളുമാണ് പദ്ധതിയുടെ പ്രത്യാഘാതം. ആദ്യത്തെ പ്രത്യാഘാതം ശരിയായ നഷ്ട പരിഹാര നിർണ്ണയത്തിലൂടെയും ജനകീയ പങ്കാളിത്തത്തിലൂടെയും ലഘൂകരിക്കാൻ സാധിക്കും. എന്നാൽ രണ്ടാമത് സൂചിപ്പിച്ചതും ഇപ്പോഴുള്ള "റെയിൽവേ ഗെയിറ്റ് റോഡ് ഉപഭോക്താക്കളുടെ" ഗതാഗത പ്രശ്നം പരിഹരിക്കാനുള്ളതുമായ നിർദ്ദേശം നിർദ്ദിഷ്ട പദ്ധതിരൂപരേഖയിൽ ഇല്ല എന്നത് പ്രസ്തുത പ്രത്യാഘാതത്തെ ഗൗരവതരമാക്കുന്നു. നിർദ്ദിഷ്ട ഉപ്പള റെയിൽവേ മേൽപ്പാല പദ്ധതി പൂർത്തീകരിക്കുമ്പോൾ ഇപ്പോഴത്തെ റെയിൽവേ ഗെയിറ്റ് റോഡ് ഉപഭോക്താക്കളും, സമീപ പ്രദേശ താമസക്കാരും ഉദ്ദേശം മൂന്ന് കിലോമീറ്റർ അധികമായി യാത്ര ചെയ്ത് വേണം ദേശീയപാതയിൽ എത്താൻ എന്ന് ഈ പദ്ധതി ബാധിതർ ചൂണ്ടികാട്ടുന്നു. അതുകൊണ്ട് തന്നെ നിർദ്ദിഷ്ട പദ്ധതിയെ ടി പദ്ധതിബാധിതർ അനുകൂലിക്കുമ്പോൾ തന്നെ, തങ്ങളുടെ യാത്ര ക്ലേശം വർദ്ധിക്കുന്നു എന്നത് കൊണ്ട് പദ്ധതി രൂപരേഖയിൽ തങ്ങൾക്ക് ആവശ്യമായ അനുബന്ധ റോഡ് ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെടുന്നു. പദ്ധതി പ്രദേശത്ത് ഭൂമി നഷ്ടപ്പെടുന്ന പദ്ധതി ബാധിതരിൽ ഏറ്റവും അധികം പ്രത്യാഘാതം അനുഭവിക്കുന്നത് ദേശീയ പാതയോട് ചേർന്ന് ഭൂമി നഷ്ടപ്പെടുന്ന ഭൂഉടമയ്ക്കും, പദ്ധതി തീരദേശ പാതയിൽ ചെന്ന് ചേരുന്നിടത്ത് ഭൂമി നഷ്ടപ്പെടുന്ന ഭൂഉടമയ്ക്കും ആണ്. എന്നാൽ ദേശീയ പാതയോരത്ത് ഭൂമി നഷ്ടപ്പെടുന്ന ഭൂഉടമയ്ക്ക് തന്റെ ഭൂമി പൂർണ്ണമായും നഷ്ടപ്പെടുന്നു എന്നുള്ളതും, പ്രദേശത്തെ ഏറ്റവും വാണിജ്യ പ്രധാന ഭൂമിയാണ് എന്നുള്ളതും പ്രസ്തുത ഭൂമി തന്റെ ജീവിതോപാധിക്കായി വാങ്ങിയതാണ് എന്നതും പരിഗണിക്കുമ്പോൾ ടി ഭൂഉടമസ്ഥന്റെ നഷ്ടം വളരെ ഗൗരവതരം ആണ് എന്ന് കണക്കാക്കാവുന്നതാണ്. തീരദേശ പാതയോട് ചേർന്ന് ഭൂമി നഷ്ടപ്പെടുന്ന പദ്ധതി ബാധിതന് വലിയ അളവിൽ ഭൂമി നഷ്ടപ്പെടുന്നുണ്ട്. അദ്ദേഹത്തിന്റെ ഭൂമി രണ്ടായി വിഭജിക്കപ്പെടുന്നു എന്നതും പ്രയോജന രഹിതമായി വിഭജിക്കുന്നു എന്നതും അദ്ദേഹം ചൂണ്ടികാട്ടുന്നു. ഭവനത്തിന്റെ മുൻഭാഗം നഷ്ടപ്പെടുന്ന പദ്ധതി

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

ബാധിതന് കേവലം അഞ്ച് സെന്റ് ഭൂമി മാത്രമാണ് ഉള്ളത്. പദ്ധതി നടപ്പാക്കലിന് ശേഷം പുതിയ ഒരു കെട്ടിടം റെയിൽവേ നിയമങ്ങൾ അനുസരിച്ച് നിർമ്മിക്കാൻ ബുദ്ധിമുട്ട് ഉണ്ട് എന്നതും കണക്കാക്കേണ്ടതുണ്ട്.

പദ്ധതിയുടെ പൊതുവായ പ്രത്യാഘാതം വളരെ പോസിറ്റീവ് ആണ് എന്ന് പറയാം. പദ്ധതി ഉപ്പള പട്ടണത്തിന്റെ വികസന സാധ്യത വർദ്ധിപ്പിക്കും. കൂടാതെ ഉപ്പള ഹാർബർ,മഞ്ചേശ്വരം ഹാർബർ, ഉപ്പള പട്ടണം ഇവയെ ബന്ധിപ്പിച്ച് ഒരു വികസന ട്രയാങ്കിൾ രൂപപ്പെടും. അതായത് വാണിജ്യ - വ്യവസായ- സാമൂഹ്യ രംഗത്ത് പുരോഗതി രൂപപ്പെടുത്താൻ വലിയ സാധ്യത ഉണ്ട്.

### 1.6. പ്രത്യാഘാത ലഘൂകരണ നടപടികൾ

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | സമീപനം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|
| 1. | താമസ ഭവനങ്ങളുടെ ഭാഗിക നഷ്ടം | നഷ്ടപരിഹാരം, പുനസ്ഥാപനം | നഷ്ട പരിഹാരം നൽകുകയും പുനരധിവാസ പുനർവാസ രൂപരേഖ തയ്യാറാക്കുകയും ചെയ്യുക. കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് നൽകുക. |
| 2. | ഭൂമിയുടെ നഷ്ടം | നഷ്ടപരിഹാരം | നഷ്ട പരിഹാരം നൽകുക |
| 3. | ഭൂമിയുടെ ഭാഗിക നഷ്ടം | നഷ്ടപരിഹാരം | നഷ്ട പരിഹാരം നൽകുക |
| 4. | കെട്ടിടങ്ങളുടെ ഭാഗിക നഷ്ടം | നഷ്ടപരിഹാരം പുനസ്ഥാപനം | നഷ്ട പരിഹാരം നൽകുക ഓരോ പദ്ധതി ബാധിതരെയും പ്രത്യേകമായി പരിഗണിക്കുക.കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് നൽകുക. |
| 5. | മരങ്ങളുടെ നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം നൽകുക |
| 6 | കൃഷി ഭൂമിയുടെ നഷ്ടം | നഷ്ട പരിഹാരം | മതിയായ നഷ്ടപരിഹാരം നൽകുക |
| 7 | ഉപയോഗശൂന്യമായ തുണ്ടുഭൂമികളുടെ രൂപപ്പെടൽ | നിയന്ത്രണം | ഉപയോഗശൂന്യമായ തുണ്ടുഭൂമികൾ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുക. |
| 8 | നാണ്യ വിളകളുടെ നഷ്ടം | നഷ്ട പരിഹാരം | മതിയായ നഷ്ടപരിഹാരം നൽകുക |

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

| | | | |
|---|---|---|---|
| 9 | കിണറുകളുടെ നഷ്ടം | നിയന്ത്രണം ഒഴിവാക്കുക | സാധ്യമാകുവോളം സംരക്ഷിക്കുക |
| 10 | വീടുകളിലേക്കും ഭൂമിയിലേക്കുള്ള പ്രവേശനമാർഗ്ഗ ങ്ങളുടെ നഷ്ടം | നിയന്ത്രണം/ പുനർനിർമ്മാണം | ഓരോ പ്രവേശനമാർഗ്ഗങ്ങളെക്കു റിച്ചും പഠനം നടത്തി പുനരധി വാസ- പുനർവാസ രൂപരേഖയിൽ ഉൾപ്പെടുത്തുക. |
| 11 | ഇടറോഡിലേ ക്കുള്ള പ്രവേശന മാർഗ്ഗങ്ങളുടെ നഷ്ടം | നിയന്ത്രണം | ഓരോ പ്രവേശനമാർഗ്ഗങ്ങളെക്കു റിച്ചും പഠനം നടത്തി പുനരധി വാസ- പുനർവാസ രൂപരേഖയിൽ ഉൾപ്പെടുത്തുക. |
| 12 | റോഡ് / പാലം ഭവനവുമായി വളരെ ചേർന്ന് പോകുന്നു. | സുരക്ഷിതത്വം പുനർവാസം | ഭവനത്തിന്റെ സുരക്ഷ ഉറപ്പാക ത്തക്ക വിധം ഉള്ള നടപടികൾ സ്വീകരിക്കുക. നഷ്ട പരിഹാരം നൽകുക |
| 13 | മരങ്ങളുടെ നഷ്ടം | നഷ്ട പരിഹാരവും നിയന്ത്രണവും | മതിയായ നഷ്ട പരിഹാരം നൽകു കയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയി ലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |
| 14 | പദ്ധതി ബാധി തരെ ഭൂമി ഏറ്റെ ടുക്കൽ നടപടി ക്രമങ്ങളിൽ ഉൾപ്പെടുത്തുക. | നിയന്ത്രണം | നടപടി ക്രമങ്ങളിൽ പദ്ധതി ബാധി തരുടെ പങ്കാളിത്തം ഉറപ്പു വരു ത്തുക. |
| 15 | പരാതി പരി ഹാരം | നിയന്ത്രണം | പ്രവർത്തന നിരതമായ പരാതി പരിഹാര കമ്മറ്റി ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തി ക്കുക. |

### 1.7. പ്രത്യാഘാത ലഘൂകരണ മാർഗ്ഗം- വിശദാംശങ്ങൾ

| ക്രമ നം. | ഉണ്ടാകാ വുന്ന നഷ്ടം | പോ സിറ്റീ വ്/ നെഗ റ്റീവ് | സാധ്യ താ നില വാരം | പ്രത്യാ ഘാത തീവ്രത | പ്രത്യാ ഘാതം - ലഘൂ കരണ ത്തിന് മുമ്പ് | പ്രത്യാ ഘാതം - ലഘൂകര ണത്തിന് ശേഷം | സാധ്യമായ ലഘൂകരണ നട പടികൾ |
|---|---|---|---|---|---|---|---|

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | താമസ ഭവന ങ്ങളുടെ ഭാഗിക നഷ്ടം | നെഗ റ്റീവ് | സാധ്യ മാണ് | വളരെ ഉയർന്ന | ഉയർന്ന | മധ്യമം/ കുറഞ്ഞ | നഷ്ട പരിഹാരം നൽകുകയും പുനരധിവാസ പുനർവാസ രൂപരേഖ തയ്യാ റാക്കുകയും ചെയ്യുക. കെട്ടിട നിർമ്മാണ നിയമ ങ്ങളിൽ ആവശ്യ മെങ്കിൽ ഇളവ് നൽകുക. |
| 2 | ഭൂമിയുടെ നഷ്ടം | നെഗ റ്റീവ് | സാധ്യ മാണ് | ലഘു വായ | മധ്യമം | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |
| 3 | ഭൂമിയുടെ ഭാഗിക നഷ്ടം | നെഗ റ്റീവ് | സാധ്യ മാണ് | ലഘു വായ | മധ്യമം | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |
| 4 | കെട്ടിടങ്ങ ളുടെ ഭാഗിക നഷ്ടം | നെഗ റ്റീവ് | സാധ്യ മാണ് | വളരെ ഉയർന്ന | ഉയർന്ന | മധ്യമം/ കുറഞ്ഞ | നഷ്ട പരിഹാരം നൽകുക ഓരോ പദ്ധതി ബാധിതരെയും പ്രത്യേകമായി പരിഗണിക്കു ക.കെട്ടിട നിർമ്മാണ നിയമ ങ്ങളിൽ ആവശ്യ മെങ്കിൽ ഇളവ് നൽകുക. |
| 5 | ചമയങ്ങളുടെ നഷ്ടം | നെഗ റ്റീവ് | സാധ്യ മാണ് | ലഘു വായ | കുറ ഞ്ഞത് | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |
| 6 | കൃഷിഭൂമി യുടെ നഷ്ടം | നെഗ റ്റീവ് | സാധ്യ മാണ് | ലഘു വായ | മധ്യമം | കുറഞ്ഞ | മതിയായ നഷ്ട പരിഹാരം നൽകുക |
| 7 | ഉപയോഗ ശൂന്യമായ തുണ്ടുഭൂമിക ളുടെ രൂപപ്പെ ടൽ | നെഗ റ്റീവ് | സാധ്യ മാണ് | വളരെ ഉയർന്ന | മധ്യമം | കുറഞ്ഞ | ഉപയോഗശൂന്യ മായ തുണ്ടുഭൂമി കൾ നഷ്ടപരി ഹാരം നൽകി ഏറ്റെടുക്കുക. |

KERALA VHSS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

| | | | | | | | |
|---|---|---|---|---|---|---|---|
| 8 | നാണ്യ വിളക ളുടെ നഷ്ടം | നെഗ റ്റീവ് | സാധ്യ മാണ് | ലഘു വായ | മധ്യമം | കുറഞ്ഞ ത് | മതിയായ നഷ്ട പരിഹാരം നൽകുക |
| 9 | കിണറുക ളുടെ നഷ്ടം | നെഗ റ്റീവ് | സാധ്യ മാണ് | ലഘു വായ | കുറ ഞ്ഞ | കുറഞ്ഞ | സാധ്യമാകു വോളം സംര ക്ഷിക്കുക |
| 10 | വീടുകളി ലേക്കും ഭൂമി യിലേക്കുള്ള പ്രവേശന മാർഗ്ഗങ്ങളുടെ നഷ്ടം | നെഗ റ്റീവ് | സാധ്യ മാണ് | വളരെ ഉയർന്ന | ഉയർന്ന | കുറഞ്ഞ | ഓരോ പ്രവേശ നമാർഗ്ഗങ്ങ ളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ- പുനർവാസ രൂപരേഖയിൽ ഉൾപ്പെടുത്തുക. |
| 11 | ഇടറോഡിലേ ക്കുള്ള പ്രവേ ശനമാർഗ്ഗങ്ങ ളുടെ നഷ്ടം | നെഗ റ്റീവ് | സാധ്യ മാണ് | ലഘു വായ | കുറ ഞ്ഞ | കുറഞ്ഞ | ഓരോ പ്രവേശ നമാർഗ്ഗങ്ങ ളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ- പുനർവാസ രൂപരേഖയിൽ ഉൾപ്പെടുത്തുക. |
| 12 | റോഡ് / പാലം ഭവ നവുമായി വളരെ ചേർന്ന് പോകുന്നു. | നെഗ റ്റീവ് | സാധ്യ മാണ് | ലഘു വായ | മധ്യമം | കുറഞ്ഞ ത് | ഭവനത്തിന്റെ സുരക്ഷ ഉറപ്പാ കത്തക്ക വിധം ഉള്ള നടപടികൾ സ്വീകരിക്കുക. നഷ്ട പരിഹാരം നൽകുക |
| 13 | മരങ്ങളുടെ നഷ്ടം | നെഗ റ്റീവ് | സാധ്യ മാണ് | ലഘു വായ | കുറ ഞ്ഞ | കുറഞ്ഞ | മതിയായ നഷ്ട പരിഹാരം നൽകുകയും നഷ്ടപ്പെടുന്ന തിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയി ലോ, സ്വകാര്യ ഭൂമിയിലോ നട്ടു |

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | വളർത്താൻ നടപടി സ്വീകരിക്കുക. |
| 14 | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തുക. | പോസിറ്റീവ് | സാധ്യമാണ് | ലഘുവായ | കുറഞ്ഞ | കുറഞ്ഞ | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക. |
| 15 | പരാതി പരിഹാരം | പോസിറ്റീവ് | സാധ്യമാണ് | ലഘുവായ | കുറഞ്ഞ | കുറഞ്ഞ | പ്രവർത്തന നിരതമായ പരാതി പരിഹാര കമ്മറ്റി ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കുക. |

**1.8. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ**

താമസഭവനങ്ങളുടെ നഷ്ടം സംഭവിക്കുന്നില്ല എന്നുള്ളതുകൊണ്ട് തന്നെ പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാതം ലഘുതരം എന്ന് കണക്കാക്കാവുന്നതാണ്. ഭാഗികമായി ബാധിക്കപ്പെടുന്ന ഭവനം പൂർണ്ണമായി ഏറ്റെടുക്കണം എന്ന് ഭൂഉടമസ്ഥർ ആവശ്യപ്പെടുന്നുണ്ട്. ആയത് നടപ്പാക്കിയാലും പ്രസ്തുത ഭവന നഷ്ടം ശരിയായ നഷ്ട പരിഹാര വിതരണത്തിലൂടെ ലഘൂകരിക്കാവുന്നതാണ്, എന്നാൽ തന്റെ ഉപജീവന മാർഗ്ഗം രൂപപ്പെടുത്തുന്നതിന് ദേശീയ പാതയോരത്ത് ഭൂമി വാങ്ങി അവിടെ കെട്ടിടത്തിന്റെ അടിസ്ഥാനം രൂപപ്പെടുത്തിയ ഭൂഉടമസ്ഥന് തന്റെ ജീവിത സ്വപ്നം ആണ് ഇല്ലാതാകുന്നത് എന്ന് അദ്ദേഹം പഠന സമയത്ത് അറിയിക്കുകയുണ്ടായി. അതുകൊണ്ട് തന്നെ പദ്ധതിയുമായി പൂർണ്ണമായും സഹകരിക്കാൻ അദ്ദേഹം തയ്യാറായിട്ടില്ല. കൂടാതെ പദ്ധതിക്ക് പല ബദൽ നിർദ്ദേശങ്ങളും അദ്ദേഹം അവതരിപ്പിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതി ബാധിതന്റെ ഭൂമിയുടെ വാണിജ്യ- വ്യവസായ പ്രാധാന്യം പ്രത്യേകം പരിഗണിക്കുകയും, അദ്ദേഹത്തിന് ഭാവിയിൽ ഒരു ജീവിതോപാധി രൂപപ്പെടുത്തുന്നതിന് സഹായകരമാം വിധം നഷ്ട പരിഹാര നിർണ്ണയം നടത്തുകയും, സുതാര്യമായ നടപടിക്രമങ്ങളിലൂടെ അദ്ദേഹത്തിന്റെ നഷ്ട പരിഹാര വിതരണം ഉറപ്പ് വരുത്തുകയും ചെയ്താൽ പ്രത്യാഘാത ലഘൂകരണവും, പദ്ധതി സംബന്ധമായ പരാതികളും പരിഹരിക്കാൻ ഒരു പരിധി വരെ സാധിക്കും.

KERALA VHS ★ MULLANKUZHY KOTTAYAM-2 ★ COLLECTORATE P.O.

പദ്ധതി തീരദേശ പാതയിൽ ചെന്ന് ചേരുന്ന ഭാഗത്ത് ഭൂമി നഷ്ടപ്പെടുന്ന പദ്ധതി ബാധിതൻ പദ്ധതിക്ക് വേണ്ടി ഏറ്റവും കൂടുതൽ ഭൂമി നഷ്ടപ്പെടുന്ന ഭൂഉടമയാണ്. തന്റെ ഭൂമി രണ്ടായി വിഭജിച്ച് പോകുന്നതും, റെയിൽവേ നിയമം അനുസരിച്ച് കെട്ടിടങ്ങൾ നിർമ്മിക്കാൻ ശേഷം ഭൂമി പര്യാപ്തമല്ല എന്നുള്ളതും അദ്ദേഹം ചൂണ്ടികാട്ടുന്ന പ്രത്യാഘാതങ്ങളാണ്. പദ്ധതി ബാധിതൻ എന്ന കാര്യം പരിഗണിച്ച് പദ്ധതി ബാധിക്കുന്ന ഭൂമിയുടെ ശേഷിക്കുന്ന ഭൂമി പ്രയോജനകരമായി ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ ഇളവുകൾ നൽകുന്നത് പ്രത്യാഘാത ലഘൂകരണത്തിന് സഹായകരമാണ്.

ഇപ്പോഴത്തെ ഉപ്പള റെയിൽവേ ക്രോസിലെ ഗതാഗത തടസ്സം പരിഹരിക്കുന്നതിനാണ് നിർദ്ദിഷ്ട റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നത്. എന്നാൽ ടി മേൽപ്പാലം ഇപ്പോഴുള്ള റെയിൽവേ ക്രോസിങ്ങ് റോഡ് ഉപയോഗിക്കുന്നവർക്കോ, അതിന്റെ പാർശ്വങ്ങളിൽ താമസി ക്കുന്നവർക്കോ പൂർണ്ണമായും പ്രയോജനപ്പെടുന്നില്ല. മാത്രമല്ല അവർ മൂന്ന് കിലോമീറ്ററോളം അധികമായി യാത്ര ചെയ്താൽ മാത്രമേ ദേശീയപാതയിൽ എത്തുക ഉള്ളു. അതുകൊണ്ട് തന്നെ പദ്ധതി പൂർണ്ണമായും പ്രയോജനകരമാണെങ്കിൽ ഇപ്പോഴത്തെ മഞ്ചേശ്വരം ഹാർബ്ബർ ഉപ്പള പൊതുമരാമത്ത് റോഡിനെ നിർദ്ദിഷ്ട റെയിൽവേ മേൽപ്പാലവുമായി ബന്ധിപ്പിച്ച് വികസിത റോഡ് ഉണ്ടാകണം എന്നും, ആയത് വരെ ഇപ്പോഴത്തെ റയിൽവേ ക്രോസിങ്ങലി ലൂടെ ഉള്ള ഗതാഗതം തടസ്സപ്പെടുത്തരുതെന്നും തദ്ദേശ വാസികൾ ആവശ്യപ്പെടുന്നു. ടി ആവശ്യം നിർദ്ദിഷ്ട പദ്ധതിയുടെ പ്രത്യാഘാത ലഘൂകരണ നിർദ്ദേശമായി കണക്കാക്കേണ്ട താണ്. അതുകൊണ്ട് തന്നെ പ്രത്യാഘാത ലഘൂകരണ നടപടികളിൽ ഉൾപ്പെടുത്താൻ നട പ്പാക്കൽ ഏജൻസിയോട് നിർദ്ദേശിക്കാവുന്നതാണ്.

പദ്ധതി വർഷങ്ങളായി ജനങ്ങൾ ആവശ്യപ്പെടുന്ന ഉപ്പള റെയിൽവേ ക്രോസിലെ ഗതാഗതകു രുക്കിനുള്ള പരിഹാരമാണ്. അതുകൊണ്ട് തന്നെ പദ്ധതിയുടെ പൊതു താൽപര്യം സുവ്യ ക്തമാണ്. കൂടാതെ സാങ്കേതിക തികവും, കൂടുതൽ ലാഭകരവും ആയ ബദൽ നിർദ്ദേശ ങ്ങൾ പൊതുജനങ്ങളിൽ നിന്നോ, ജനപ്രതിനിധികളിൽ നിന്നോ ലഭ്യമായിട്ടില്ല. പദ്ധതിയുടെ പ്രത്യാഘാതങ്ങൾ ശരിയായ നഷ്ടപരിഹാര വിതരണത്തിലൂടെയും, ജനാഭിപ്രായങ്ങൾ പദ്ധതി രൂപരേഖയിൽ ഉൾപ്പെടുത്തിയും ലഘൂകരിക്കാവുന്നതോ, ഇല്ലാതാക്കാവുന്നതോ ആണ്.

മേൽപ്പറഞ്ഞ കാര്യങ്ങൾ പരിഗണിക്കുമ്പോൾ ഉപ്പള റെയിൽവേ മേൽപ്പാലം പദ്ധതി 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിന്റെയും സംസ്ഥാന സർക്കാർ രൂപപ്പെടുത്തിയ ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകാവുന്നതാണ്.

ഭൂമി ഏറ്റെടുക്കൽ സംബന്ധമായി നഷ്ടപരിഹാരം ലഭ്യമാവുന്നതിന് ആവശ്യമായ ഭൂരേഖകൾ, നടപടികൾ എന്നിവ സംബന്ധമായി സഹായങ്ങൾ ആവശ്യമുള്ള സ്ത്രീകൾ നാഥകളായുള്ള കുടുംബങ്ങൾ, പ്രായമുള്ള ഉടമസ്ഥർ എന്നിവർക്ക് പ്രത്യേക പരിഗണനയും കരുതലും നൽകുന്നത് പദ്ധതി സംബന്ധമായ പരാതികൾ കുറയ്ക്കാൻ സഹായകരമാണ്.

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

ആയതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസ ത്തിനും പുനസ്ഥാപനത്തിനും ഉള്ള അവകാശ നിയമം 2013 (30-2013) സെക്ഷൻ 2(1)(ബി)(iii) പ്രകാരം പൊതു താൽപര്യ പദ്ധതിയായി കണക്കാക്കാവുന്നതും ഭൂമി ഏറ്റെടുക്കൽ നടപടി ക്രമങ്ങളുമായി മുന്നോട്ടു പോകാവുന്നതും ആണ്.

സാജു. വി. ഇട്ടി
ചെയർമാൻ
സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ്

KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

**അനുബന്ധരേഖകൾ**

1. പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ
2. ഫോട്ടോഗ്രാഫ്
3. ഗസറ്റ് നോട്ടിഫിക്കേഷൻ

അനുബന്ധം -1

## പദ്ധതി ബാധിതരുടെ പേര് വിവരങ്ങൾ

| ക്രമ നം. | പേര് മേൽവിലാസം | താമസ / വാണിജ്യ/ കൃഷി/ തരിശ് | സർവ്വേ നം. | ഫോൺ നം. | ബാധിക്കപ്പെടുന്നവ |
|---|---|---|---|---|---|
| 1 | അബ്ബാസ്സലി നിയാസ് S/o മുഹമ്മദ് | വാണിജ്യ | 125<br>74 | 9895797365 | ബിൽഡിംഗ് ഫൗണ്ടേഷൻ |
| 2 | ഷെയ്ക്ക് മൊയ്ദീൻ | താമസ | 77<br>79<br>82 | 8547292919 | കിണറിന്റെ മൂല ഭാഗം, ഷെഡ്, 2 തെങ്ങ് |
| 3. | സുഹറ W/o ഇബ്രാഹിം | താമസ | 76 | 9567130102 | സ്ഥലം |
| 4. | റവന്യൂ വക ഭൂമി | | | | |
| 5. | റെയിൽവേ വക ഭൂമി | | | | |
| 6 | സിദ്ദിഖ് S/o മമ്മു | തരിശ് | | 7907551156 | സ്ഥലം |
| 7 | സെയ്ദ ഹസൻ ബാവ | താമസ | | | വീട് പകുതി ഭാഗം നഷ്ടപ്പെടുന്നു |
| 8. | ഫാത്തിമ ഷെയ്ദ | കൃഷി | | 9895443135 | സ്ഥലം |

KERALA VHSS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

അനുബന്ധം - 2

# PHOTOGRAPHS













KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.













KERALA VHS
MULLANKUZHY
KOTTAYAM 2
COLLECTORATE P.O.

അനുബന്ധം -3

കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2021 ഒക്ടോബർ 27<br>27th October 2021<br>1197 തുലാം 11<br>11th Thulam 1197<br>1943 കാർത്തികം 5<br>5th Karthika 1943 | നമ്പർ<br>No. 3128 |

FORM No.4

(See Rule 11(3))

**NOTIFICATION**

DCKSD/11320/2019-L1

27 October 2021

WHEREAS, it appears to the Government of Kerala that the land specified in the Schedule below is needed or likely to be needed for a public purpose, to wit for the construction of ROB in lieu of Railway LC No.288 between Uppala and Manjeshwar stations at Uppala Village in Manjeshwar Taluk.

AND WHEREAS, In exercise of the powers conferred in sub-section (1) of section 4 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 (Central Act 30 of 2013), Government of Kerala have decided to conduct a Social Impact Assessment in the area specified in the schedule below.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

Now, THEREFORE, sanction is accorded to the District Level Social Impact Assessment Unit, **"Kerala Voluntary Health Services, Kottayam"** to conduct a social Impact Assessment Study and to prepare a Social Impact Management Plan as provided in the Act. The process shall be completed within a period of two months, not exceeding six months in any case.

**SCHEDULE**

District: Kasaragod

Taluk: Manjeshwar — Village or Amsom and Desom: Uppala

(The extent given is approximate)

| Sl. No. | Survey No. | Description | Extent in Ares. |
|---|---|---|---|
| 1 | 125 | Garden land | 11.87 |
| 2 | 74 | Garden land | 8.58 |
| 3 | 77 | Garden land | 0 .31 |
| 4 | 79 | Garden land | 4.61 |
| 5 | 82 | Garden land | 10.04 |
| 6 | 76 | Garden land | 11.76 |
| | Total | | 47.17 Are |

(Sd.)

District Collector

Kasaragod

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette
Authenticity may be verified through https://compose.kerala.gov.in/

Digitally signed by ...
Date:2021.10.27 ...

KERALA V.H.S. MULLANKUZHY KOTTAYAM COLLECTORATE P.O.